"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- വിമൺ ഹെൽപ് ലൈൻ പദ്ധതിയ്ക്കായി ആരംഭിച്ച SNA അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.23/2026/WCDD തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.568/2023/ഡബ്ള്യുസിഡിഡി തീയതി.18.10.2023.
2. സ.ഉ.(സാധാ)നം.25/2024/ഡബ്ള്യുസിഡിഡി തീയതി.16.01.2024.
3. വനിതശിശു വികസന ഡയറക്ടറുടെ 26.09.2025-ലെ DWCD/3586/2024-WEC 4 നം. കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തി പദ്ധതിയുടെ കീഴിൽ ഉൾപ്പെടുന്ന വിമൺ ഹെൽപ് ലൈൻ പദ്ധതി വനിത ശിശു വികസന വകുപ്പ് തലത്തിൽ നടപ്പാക്കിവരുന്നു. പരാമർശം (1), (2) എന്നിവ പ്രകാരം, 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വിമൺ ഹെൽപ് ലൈൻ പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ കാനറ ബാങ്കിൽ അക്കൗണ്ട് ആരംഭിയ്ക്കുകയും പദ്ധതി നിർവഹണ സ്ഥാപനമായ കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന്റെ പേരിൽ ചൈൽഡ് അക്കൗണ്ട് ആരംഭിയ്ക്കുകയും പദ്ധതി നിർവഹണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക ടി അക്കൗണ്ടുകൾ മുഖേന വിനിയോഗിയ്ക്കുകയും ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി നടത്തിപ്പിനുള്ള ഫണ്ട് വിനിയോഗം SNA SPARSH ലേക്ക് Onboard ചെയ്തിട്ടുണ്ട്. കൂടാതെ ടി പദ്ധതി SNA അക്കൗണ്ട് മുഖേന നടപ്പിലാക്കിയ വകയിലുള്ള പലിശ തുക കേന്ദ്ര സർക്കാരിന് ഒടുക്കിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കിയ വകയിൽ ശേഷിക്കുന്ന തുക വിവരം വനിതശിശു വികസന ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

| Calculation :- | Figures in Rupees |
|---|---|
| Central Share of funds released to the SNA | (A1) = 27,60,000/- |

| | |
|---|---|
| account since 1st April, 2021 | |
| State share of funds released to the SNA account since 1st April, 2021 (01.04.2021) | (B1) = NA (100%) CSS) |
| TOP UP released to the SNA account since 1st April, 2021 | (C1)= 0 |
| Total funds released to the SNA account since 1st April, 2021 to till date | (D1)= 27,60,000/- |
| SNA account balance as on date as per Bank Statement and SNA 01 Report | (S) = 0 |
| Central Share of funds in the SNA account as on date | (X1) = 0 |
| State share of funds in the SNA account as on date | (Y1) = NA |
| TOP UP share of funds in the SNA account as on date | (Z1) = 0 |

വിമൺ ഹെല്പ് ലൈൻ പദ്ധതി നടപ്പാക്കിയ വകയിൽ വനിതശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ തുക യാതൊന്നും ശേഷിക്കുന്നില്ലെന്നും ടി സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ വിമൺ ഹെല്പ് ലൈൻ പദ്ധതി നടത്തിപ്പ് ആവശ്യത്തിനായി വനിതശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിൽ ആരംഭിച്ച SNA അക്കൗണ്ട്, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പേരിൽ ആരംഭിച്ച ചൈൽഡ് അക്കൗണ്ട് എന്നിവ ക്ലോസ് ചെയ്യുന്നതിനുള്ള അനുമതി നല്കി ഉത്തരവാകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. SNA SPARSH നടപ്പിലാക്കുന്നതിന്റെ ഭാഗമായി, നിലവിലുള്ള PFMS SNA അക്കൗണ്ട് ക്ലോസ് ചെയ്യുന്ന കാര്യത്തിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾ പാലിക്കപ്പെടേണ്ടതാണ് എന്ന വ്യവസ്ഥയിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ വിമൺ ഹെല്പ് ലൈൻ പദ്ധതി നടത്തിപ്പ് ആവശ്യത്തിനായി വനിതശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിൽ ആരംഭിച്ച SNA അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് അനുമതി നല്കി ഇതിനാൽ

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ( 19.12.2025 ലെ No.WCD-1/260/2025-FIN(E:3310447 ) )

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 14-01-2026 11:12:55